"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിന്റെ പേര് ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നാക്കി മാറ്റുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.918/2024/H&FWD തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:-
1. 30/04/2008 തീയതിയിലെ GO(Rt) No. 1598/2008/H & FWD ഉത്തരവ്
2. ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ പ്രിൻസിപ്പാളിന്റെ 21/01/2023,11/04/2023 തീയതികളിലെ കത്തുകൾ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29/04/2023, 24/10/2023 06/03/2024 തീയതികളിലെ കത്തുകൾ.

**ഉത്തരവ്**

പരാമർശം (2) പ്രകാരം ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച കത്തിൽ, ഡി.എച്ച്.ഐ കോഴ്സ് പഠിക്കുന്ന SC,ST മറ്റ് അർഹരായ വിഭാഗം വിദ്യാർത്ഥികൾക്ക് E-grantz ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന് Aishe Code online-ൽ നൽകുന്നതിന് ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിന്റെ പേര് ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നാക്കി മാറ്റേണ്ടതുണ്ട് എന്നും അല്ലാത്ത പക്ഷം SC/ST ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് E-grants ആനുകൂല്യം ലഭിക്കാത്ത സ്ഥിതി ഉണ്ടാകുമെന്നും അറിയിക്കുകയുണ്ടായി

2) പബ്ലിക് ഹെൽത്ത് ട്രെയിനിങ്സ്കൂൾ ആരംഭിച്ചത് പരാമർശം (1) ഗവ.ഉത്തരവ് പ്രകാരമാണ് എന്നും, ലെറ്റർഹെഡ്, സീൽ, സ്പാർക് എന്നിവയിൽ പബ്ലിക് ഹെൽത്ത് ട്രെയിനിങ് സെന്റർ എന്ന് മാറ്റുന്നതിൽ നിയമപരമായി തടസ്സങ്ങൾ ഇല്ല എന്നും, എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് ഇ - ഗ്രാന്റ്സ് ആനുകൂല്യം തടസ്സം കൂടാതെ ലഭിക്കുന്നതിനായി സ്പാർക്കിൽ മേൽ സ്ഥാപനത്തിന്റെ പേര് പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ എന്നതിൽ നിന്നും പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്ന് മാറ്റുന്നതിനും ഒപ്പം സ്ഥാപനത്തിന്റെ ഓഫീസ് സീൽ പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്ന് മാറ്റം വരുത്താവുന്നതിനുമുള്ള ഉത്തരവ് നല്കാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിലെ ഡി.എച്ച്.ഐ കോഴ്സ് പഠിക്കുന്ന എസ്.സി/എസ്.റ്റി മറ്റ് അർഹരായ വിഭാഗം വിദ്യാർത്ഥികൾക്ക് ഇ_ഗ്രാൻഡ്സ് ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കുന്നതിന് Aishe

Code അനുവദിക്കുമ്പോൾ പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്ന പേരിലെ അനുവദിച്ചു ലഭിക്കുകയുള്ളൂ എന്ന സാഹചര്യം പരിഗണിച്ച് **ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിന്റെ പേര് "ഗവ. പബ്ലിക്ക് ഹെൽത്ത് ട്രെയിനിംഗ് സെന്റർ"** എന്നാക്കി മാറ്റുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മൃണാൾസെൻ എം
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Jimmy Kochu Paul
Date: 27-03-2024 16:41:14

സെക്ഷൻ ഓഫീസർ

പകർപ്പ്:

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജോയിന്റ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ (ജനറൽ), തിരുവനന്തപുരം

സെക്രട്ടറി, കേരള പാരാമെഡിക്കൽ കൗൺസിലിൽ, തിരുവനന്തപുരം

പ്രിൻസിപ്പാൾ, പബ്ലിക് ഹെൽത്ത് ട്രെയിനിങ്സ്കൂൾ,തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,തിരുവനന്തപുരം
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ